(ജി, എച്ച്) കണ്ണാടിപൊയിൽ വെടിവയ്പിൽ പ്രൊബേഷണറി എസ്. ഐ. യും, എ. എസ്. ഐ. യും ചില നടപടിക്രമങ്ങൾ പാലിക്കാത്തിനാൽ അവരുടെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് ഡി. ജി. പി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വെടിവയ്പ് ലാത്തിച്ചാർജ്ജ് എന്നിവയെപ്പറ്റിയുള്ള ഗവൺമെന്റ് അന്വേഷണം

384. [493] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ സംസ്ഥാനത്ത് നടന്ന വെടിവയ്പുകൾ, ലാത്തിച്ചാർജ്ജുകൾ, റിമൂവൽ തുടങ്ങിയവയെപ്പറ്റി ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഫലമായി എത്ര പോലീസുദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ലാത്തിച്ചാർജ്ജു മൂലമുണ്ടായ മരണം

385. [494] ശ്രീ. സി. കെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജൂണിനുശേഷം കശുവണ്ടി തൊഴിലാളി സമരവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് എതിരായി ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ടോ ;

(ബി) ലാത്തിച്ചാർജ്ജിന്റെ ഫലമായി ശാസ്താംകോട്ടയിൽ പരമേശ്വരൻ എന്നൊരാൾ മൃതിയടഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമേശ്വരന്റെ മരണത്തിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കേസെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലാത്തിച്ചാർജ്ജു നടത്തിയിട്ടില്ല.

(ബി, സി, ഡി) കശുവണ്ടി സമരത്തോടനുബന്ധിച്ച് ശാസ്താംകോട്ടയിൽ കശുവണ്ടി തൊഴിലാളികളെ കശുവണ്ടി കയറ്റിയ ലോറികൾ പിക്കറ്റു ചെയ്യുകയും തടയുകയും ചെയ്ത സംഭവമുണ്ടായി. തൊഴിലാളികളിൽ ശാസ്താംകോട്ടക്കാരൻ പരമേശ്വരൻ എന്നൊരാളും ഉണ്ടായിരുന്നു. പിക്കറ്റു ചെയ്ത തൊഴിലാളികളെ കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും ചേർന്നു നീക്കം ചെയ്യുകയും അവരെ കോടതിയിൽ ഹാജരാക്കുന്നതിലേക്കുവേണ്ടി ചവറ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു ക്രൈ. 197/86 യു. എസ്. 147, 148, 149, 336, 427, ആർ 353 പ്രകാരം ചവറ സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13-9-1986 രാവിലെ ടി പരമേശ്വരനു നെഞ്ചു വേദന അനുഭവപ്പെടുകയും അദ്ദേഹത്തെ ചവറ പ്രൈമറി ഹെൽത്ത് സെന്ററിലും തുടർന്നു കൊല്ലം ജില്ലാ ആശുപത്രിയിലേക്കും കൊണ്ടുപോകുന്ന വഴിയിൽ പോലീസ് കസ്റ്റഡിയിൽ വച്ച് അദ്ദേഹം മരണമടഞ്ഞു. ഈ

LIBRARY ARCHIVES Kerala Legislative Assembly